ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.07.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തി. രാജ്യത്തിനായി താരങ്ങൾ നേട്ടങ്ങൾ കൊണ്ടുവരുമെന്ന ആത്മവിശ്വാസം പങ്കുവച്ച് പ്രധാനമന്ത്രി.

   Prime Minister Narendra Modi Interacted With The Indian Contingent Heading To Paris For The Olympics. Mr. Modi Expressed Confidence that The Contigent Will Bring Glory to India.

2) സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൌട്ട്.

   Opposition walkout in Kerala Assembly over the deplorable.

3) ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി നാളെ തിരുവനന്തപുരത്തെത്തും.

   Vice President Jagdeep Dhankar will arrive in Thiruvananthapuram tomorrow for a two-day visit to Kerala.

4) ലക്ഷദ്വീപിലെ പണ്ടാര ഭൂമികളിൽ നിന്നും ഈ മാസം 19 വരെ ആരെയും ഒഴിപ്പിക്കില്ലെന്ന് ദ്വീപ് അഡ്മിനിസ്ട്രേഷൻ.

   Lakshadweep Administration informed the High Court that it will not evacuate anyone from Pandaram lands till 19th of this month.

5) യു.കെ പാർലമെൻറ് തിരഞ്ഞെടുപ്പിൽ ചരിത്രവിജയം നേടി ലേബർ പാർട്ടി. കെയർ സ്റ്റാർമർ അടുത്ത ബ്രിട്ടീഷ് പ്രധാനമന്ത്രി.

   Labour Party has registered landslide victory in UK's parliamentary election. Party leader Keir Starmer is set to become Britain's next prime minister.

6) **കോപ്പ അമേരിക്ക ഫുട്ബോളിൽ ഇക്വഡോറിനെ പരാജയപ്പെടുത്തി, അർജന്റീന സെമിഫൈനലിൽ പ്രവേശിച്ചു.**

**Argentina Reaches Sem-Final In Copa America Football By Defeating Ecuador In Quarterfinals.**

==================================

## PM – OLYMPIC CONTINGENT

പാരീസ് ഒളിമ്പിക്സിൽ ഇന്ത്യൻ താരങ്ങൾ രാജ്യത്തിനായി നേട്ടങ്ങൾ കൊണ്ടുവരുമെന്ന ആത്മവിശ്വാസം പങ്കുവച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. വിജയത്തിനുള്ള വലിയ കളം എന്നതിലുപരി, ഒരുപാട് കാര്യങ്ങൾ പഠിക്കാനുള്ള വേദി കൂടിയാണ് ഒളിമ്പിക്സ് എന്ന് പ്രധാനമന്ത്രി പറഞ്ഞു. എല്ലാ പ്രതിസന്ധികളും മാറ്റിവെച്ച് വിജയത്തിനായി മുന്നോട്ട് കുതിക്കണമെന്നും അദ്ദേഹം ആത്മധൈര്യം പകർന്നു. കായിക താരങ്ങളുടെ കഠിനാധ്വാനത്തെ പ്രകീർത്തിച്ച പ്രധാനമന്ത്രി, രാജ്യത്തിന് വേണ്ടി സംഭാവന ചെയ്യാനുള്ള അവസരമാണിതെന്നും ഓർമ്മിപ്പിച്ചു. 2036-ൽ ഒളിമ്പിക്സിന് വേദിയാകുമെന്ന പ്രതീക്ഷയിലാണ് ഇന്ത്യയെന്നും, ഇതിനായി അടിസ്ഥാന സൗകര്യ വികസമേഖലയിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുകയാണെന്നും പ്രധാനമന്ത്രി അറിയിച്ചു.

==================================

## PM – RUSSIA

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റഷ്യ, ഓസ്ട്രിയ സന്ദർനത്തിന് തിങ്കളാഴ്ച തുടക്കമാകും. 22-ാ മത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി, റഷ്യൻ പ്രസിഡൻറ് വ്ളാദിമിർ പുടിൻറെ ക്ഷണപ്രകാരമാണ് ശ്രീ മോദി മോസ്കോയിലെത്തുന്നത്. പുടിനുമായി അദ്ദേഹം ഉഭയകക്ഷി

കൂടിക്കാഴ്ച നടത്തും. പ്രദേശിക, അന്താരാഷ്ട്ര പ്രാധാന്യമുള്ള സമകാലിക വിഷയങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്യും. രണ്ട് ദിവസത്തെ റഷ്യൻ സന്ദർശനത്തിനു ശേഷം

ഈ മാസം 9, 10 തീയതികളിൽ പ്രധാനമന്ത്രി ഓസ്ട്രിയ സന്ദർശിക്കും. 41 വർഷങ്ങൾക്കിടെ ഒരു ഇന്ത്യൻ പ്രധാനമന്ത്രി നടത്തുന്ന ആദ്യ ഓസ്ട്രിയ സന്ദർശനമാണിത്. ഓസ്ട്രിയൻ പ്രസിഡൻറ് അലക്സാണ്ടർ വാൻ ദേർ ബെലനുമായും, ചാൻസലർ കാൾ നെഹാമറുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തും. ഇന്ത്യയിലെയും, ഓസ്ട്രിയയിലെയും വ്യാപാര പ്രമുഖരുമായും നേതാക്കൾ സംവദിക്കും. മോസ്കോയിലെയും, വിയന്നയിലെയും ഇന്ത്യൻ സമൂഹത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും.

====================================

## ASSEMBLY – WALKOUT

സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൌട്ട്. സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥയെ തുടർന്ന് അപകടങ്ങൾ വർദ്ധിക്കുന്ന സാഹചര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് നജീബ് കാന്തപുരമാണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. സർക്കാരിന്റെ ഭരണ വൈകല്യമാണ് റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് കാരണമെന്ന് പ്രതിപക്ഷം ആരോപിച്ചു. സമയബന്ധിതമായി റോഡ് പണികൾ തീർക്കാൻ സർക്കാർ തയ്യാറാകുന്നില്ലെന്നും, റോഡുകളുടെ പരിതാപകരമായ അവസ്ഥ പരിഹരിക്കുന്നതിൽ സംസ്ഥാന സർക്കാർ ദയനീയമായി പരാജയപ്പെട്ടെന്നും പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ പറഞ്ഞു. എന്നാൽ, സംസ്ഥാനത്തെ റോഡുകളിൽ ഭൂരിഭാഗവും സഞ്ചാരയോഗ്യമാണെന്നും, പ്രവൃത്തികൾ നടക്കുന്ന ചില

റോഡുകൾ പൂർത്തിയാക്കാനുണ്ടെന്നും മന്ത്രി മുഹമ്മദ് റിയാസ് മറുപടി നൽകി. വിഷയം അടിയന്തരമായി ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്നും, മന്ത്രി അറിയിച്ചു. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോകുക യായിരുന്നു.

====================================

## VICE PRESIDENT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി നാളെ തിരുവനന്തപുരത്തെത്തും. വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയിൽ നടക്കുന്ന ബിരുദദാന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. മികച്ച വിജയം നേടിയ വിദ്യാർഥികൾക്കുള്ള സ്വർണമെഡലുകൾ ഉപരാഷ്ട്രപതി സമ്മാനിക്കും. തുടർന്ന്, കൊല്ലത്തെത്തുന്ന ശ്രീ ധൻകർ വൈകിട്ട് അഷ്ടമുടി കായലിൽ ബോട്ട് സവാരി നടത്തും. ഞായറാഴ്ച ഉപരാഷ്ട്രപതി ഡൽഹിയിലേക്ക് മടങ്ങും.

====================================

## RAJNATH-DEFENCE PRODUCTION

പ്രതിരോധ ഉത്പാദന രംഗത്ത് 2023-24 സാമ്പത്തിക വർഷത്തിൽ ഇന്ത്യ 16.8 ശതമാനത്തിൻറെ വളർച്ച കൈവരിച്ചതായി രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് . പ്രതിരോധ ഉത്പാദന മൂല്യം ഒരു ലക്ഷത്തി 26,887 കോടിയിലെത്തിയതായും അദ്ദേഹം വ്യക്തമാക്കി. മൊത്തം ഉൽപ്പാദന മൂല്യത്തിൻ്റെ 79.2 ശതമാനം പൊതുമേഖലാ സ്ഥാപനങ്ങളും, 20.8 ശതമാനം സ്വകാര്യമേഖലയുമാണ് സംഭാവന ചെയ്തത്. ആഗോള പ്രതിരോധ ഉത്പാദന കേന്ദ്രമാക്കി ഇന്ത്യയെ മാറ്റുന്നതിൽ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും

ശ്രീ രാജ്നാഥ് സിങ്ങ് വ്യക്തമാക്കി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതി പുതിയ നാഴികക്കല്ലുകൾ പിന്നിടുകയാണെന്നും അദ്ദേഹം പറഞ്ഞു.

==================================

## NADDA-GENEVA MEETING

സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പാക്കുന്നതിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര ആരോഗ്യ-കുടുംബ ക്ഷേമ മന്ത്രി ജഗത് പ്രകാശ് നഡ്ഡ. ജനീവയിൽ നടക്കുന്ന മാതൃ, ശിശു ആരോഗ്യ ബോർഡ് യോഗത്തെ വെർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മാതൃ, ശിശു അതിജീവനം മെച്ചപ്പെടുത്തുന്നതിൽ ആഗോള ശരാശരിയേക്കാൾ ഉയർന്ന നിരക്കിൽ ഇന്ത്യ മികച്ച നേട്ടം കൈവരിച്ചതായും അദ്ദേഹം പറഞ്ഞു.

==================================

## LAKSHADWEEP

ലക്ഷദ്വീപിലെ പണ്ടാര ഭൂമികളിൽ നിന്നും ഈ മാസം 19 വരെ ആരെയും ഒഴിപ്പിക്കില്ലെന്ന് ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ കേരളാ ഹൈക്കോടതിയെ അറിയിച്ചു. ലക്ഷദ്വീപ് ജെ ഡി യു അധ്യക്ഷൻ ഡോ. സാദിഖ് നൽകിയ പൊതു താൽപര്യ ഹർജിയിലാണ് ദ്വീപ് ഭരണകൂടം ഇക്കാര്യം ഹൈകോടതിയെ അറിയിച്ചത്. ഹർജിയിൽ ഈ മാസം 19ന് കോടതി തുടർവാദം കേൾക്കും. പണ്ടാര ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് അതുവരെ സ്റ്റേ ബാധകമെന്ന് കോടതി അറിയിച്ചു. അതേസമയം പണ്ടാര ഭൂമികളിൽ ദ്വീപ് ഭരണകുടം നടത്തിവരുന്ന സർവ്വേ നടപടികൾ നിർത്തിവയ്ക്കാൻ കോടതിയുടെ സ്റ്റേ ഓർഡറിൽ പറഞ്ഞിട്ടില്ലെന്ന് ദ്വീപ് അഡ്മിനിസ്ട്രേഷൻ അറിയിച്ചു. ഔദ്യോഗിക കണക്കെടുപ്പുകൾ നിർത്തിവയ്ക്കാൻ കോടതി ഉത്തരവുണ്ടെന്ന

രീതിയിലുള്ള പ്രചാരണങ്ങളിൽ നിന്നും ഓൺലൈൻ മാധ്യമങ്ങൾ പിന്തിരിയണമെന്നും അഡ്മിനിസ്ട്രേഷൻ പത്രകുറിപ്പിലൂടെ അറിയിച്ചു.

====================================

## SAMPOORNATA ABHIYAN

നിതി ആയോഗിൻറെ നേതൃത്വത്തിൽ നടപ്പാക്കുന്ന സമ്പൂർണത അഭിയാന് പാലക്കാട് ജില്ലയിലെ കൊല്ലങ്കോടും ഇടുക്കിയിലെ ദേവികുളത്തും തുടക്കമായി. ഇടുക്കിയിൽ നാളെ അഴുത ബ്ലോക്കിൽ പരിപാടി സംഘടിപ്പിക്കും. ഇന്നലെ വയനാട് ജില്ലയിലും കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്കിലും പദ്ധതിക്ക് തുടക്കമായിരുന്നു. കേന്ദ്രം നടപ്പാക്കുന്ന അഭിലാഷ ജില്ലാ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമിട്ടാണ് സമ്പൂർണതാ അഭിയാൻ നടപ്പാക്കുന്നത്.

====================================

## HEMANT SORAN

ഝാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ദ് സോറൻറെ നേതൃത്വത്തിലുള്ള സർക്കാർ തിങ്കളാഴ്ച വിശ്വാസ വോട്ട് തേടും. ഇതിനായി ഝാർഖണ്ഡ് നിയമസഭയുടെ പ്രത്യേകയോഗം വിളിച്ചിട്ടുണ്ട്. ഇന്നലെയാണ് ഹേമന്ദ് സോറൻ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്. വിശ്വാസ വോട്ടെടുപ്പിന് ശേഷമായിരിക്കും മറ്റ് മന്ത്രിമാരുടെ സത്യപ്രതിജ്ഞ.

====================================

## EARLY UK- RESULT

യുകെ പാർലമെൻറ് തിരഞ്ഞെടുപ്പിൽ ചരിത്രവിജയം കുറിച്ച് ലേബർ പാർട്ടി. നിലവിലെ പ്രധാനമന്ത്രി റിഷി സുനക് നയിക്കുന്ന കൺസർവേറ്റീവ് പാർട്ടിക്ക് കനത്ത തിരിച്ചടിയാണ് തിരഞ്ഞെടുപ്പിൽ ഉണ്ടായത്. ലേബർ പാർട്ടി നേതാവ് കെയർ സ്റ്റാർമർ അടുത്ത ബ്രിട്ടീഷ് പ്രധാനമന്ത്രിയാവും. 14 വർഷം നീണ്ട

കൺസർവേറ്റീവ് ഭരണത്തിന് അന്ത്യം കുറിച്ചാണ് ലേബർ പാർട്ടി കേവലഭൂരിപക്ഷം മറികടന്നത്. 650 ൽ 410 സീറ്റുകളിൽ ലേബർ പാർട്ടി വിജയം നേടി. വോട്ടെണ്ണൽ പുരോഗമിക്കുകാണ്. മാറ്റത്തിനായാണ് ജനങ്ങൾ വോട്ട് ചെയ്തതെന്ന് കെയർ സ്റ്റാർമർ പ്രതികരിച്ചു. പരാജയം അംഗീകരിച്ച റിഷി സുനക്, തിരഞ്ഞെടുപ്പ് ഫലത്തിൽ നിന്ന് നിരവധി കാര്യങ്ങൾ പഠിക്കാനുണ്ടെന്ന് പറഞ്ഞു.

==================================

## ARGENTINA COPA AMERICA – (INTRO)

കോപ്പ അമേരിക്ക ഫുട്ബോളിൽ ഇക്വഡോറിനെ പരാജയപ്പെടുത്തി അർജൻ്റീന സെമിഫൈനലിൽ പ്രവേശിച്ചു. പെനാൽറ്റി ഷൂട്ടൗട്ടിലാണ് അർജൻറീനയുടെ വിജയം.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി
പ്രതിനിധി സുരേഷ് ബാബു .....

(വോയിസ്..................)

കാനഡ - വെനസ്വേല മത്സര വിജയിയുമായാണ് അർജന്റീനയുടെ സെമിപോരാട്ടം . ജൂലായ് ഒമ്പതിന് ന്യൂജേഴ്സിയിൽ ആണ് സെമിഫൈനൽ മത്സരം.

==================================

## EURO CUP

യൂറോ കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഇന്ന് സ്പെയിൻ ജർമ്മനിയുമായി ഏറ്റുമുട്ടും . ഇന്ത്യൻ സമയം രാത്രി 9.30-നാണ് മത്സരം.രാത്രി 12.30- ന് നടക്കുന്ന രണ്ടാം മത്സരത്തിൽ പോർച്ചുഗൽ ഫ്രാൻസിനെ നേരിടും.

==================================

## WOMEN T-20

ഇന്ത്യ ദക്ഷിണാഫ്രിക്ക വനിതാ ട്വൻറി- 20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. രാത്രി 7 മണിക്ക് ചെന്നൈ ചിദംബരം സ്റ്റേഡിയത്തിലാണ് ആദ്യ മത്സരം. മൂന്ന് മത്സരങ്ങളാണ് പരമ്പരയിലുള്ളത്. നേരത്തെ ദക്ഷിണാഫ്രിക്കയ്ക്കെതിരെ മൂന്ന് മത്സരങ്ങളടങ്ങിയ ഏകദിന പരമ്പര ഇന്ത്യ സ്വന്തമാക്കിയിരുന്നു. ജൂൺ 28-ന് തുടങ്ങിയ ടെസ്റ്റ് മത്സരത്തിലും ഇന്ത്യക്കായിരുന്നു ജയം.

====================================

## ISRAEL GAZA- CEASEFIRE

ഹമാസുമായി വെടിനിർത്തൽ കരാറിൽ ഏർപ്പെടുന്നതിനും, ബന്ദികളുടെ മോചനം ചർച്ച ചെയ്യുന്നതിനും പ്രതിനിധി സംഘത്തെ അയക്കാൻ തയ്യാറായി ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. ഈജിപ്റ്റിലോ, ഖത്തറിലോ ആയിരിക്കും സമാധാനചർച്ചകൾ നടക്കുക. യു.എസ് പിന്തുണയുള്ള മധ്യസ്ഥ രാഷ്ട്രങ്ങളായ ഈജിപ്റ്റും, ഖത്തറും വെടിനിർത്തൽ സംബന്ധിച്ച ഹമാസ് നിലപാട് ഇസ്രയേലിനെ അറിയിച്ചതിന് പിന്നാലെയാണ് ചർച്ചയ്ക്ക് തയ്യാറാണെന്ന് ഇസ്രയേൽ വ്യക്തമാക്കിയത്.

====================================

=======================

==========